ശ്രീ. എൽ. എം. പൈലി: ഓരോരുത്തരേയും തിരഞ്ഞെടുത്ത രീതിയെപ്പറ്റി ഇവിടെ കിട്ടിയിട്ടുള്ള കടലാസ്സിൽ പറഞ്ഞിട്ടുള്ള വിവരങ്ങളാണ് ഞാൻ ഇവിടെ പറഞ്ഞത്.

ശ്രീ. കെ. എ. മാത്യു: ഈ വിഷയത്തെപ്പറ്റിയുള്ള എല്ലാ വസ്തുതകളും അറിയുന്നതിനായിട്ട് ശ്രമിക്കുമോ?

ശ്രീ. എൽ. എം. പൈലി: എന്റെ അടുത്തിരിക്കുന്ന വിവരത്തിനും പുറമെ വേറെ വല്ല വിവരവും ഉണ്ടോ എന്നു അന്വേഷിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

വളം

*൨൯൩. (൪൦) ശ്രീ. പി. നാണു. താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കൃഷിക്കാർക്ക് പച്ചിലവളം ലഭിക്കുന്നതിനു എന്തെല്ലാം സൗകര്യം ഗവണ്മെന്റ് ചെയ്തുകൊടുത്തിട്ടുണ്ട്?

ധനകാര്യവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

കൃഷിക്കാർക്ക് വളത്തിനു ആവശ്യമായ പച്ചിലകൾ റിസർവ്വ് വനങ്ങളിൽ നിന്നും സൗജന്യമായി ശേഖരിക്കുന്നതിനു ഗവണ്മെന്റിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ ഡയിഞ്ച, സൺഹെംപ്, മുതലായ (പച്ചിലവളങ്ങൾ ഉല്പാദിപ്പിക്കുന്നതിനു ഉപയുക്തമായ) വിത്തുകൾ കൃഷി ഡിപ്പാർട്ടുമെന്റിൽ നിന്നും കൃഷിക്കാർക്ക് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പച്ചിലവളം ഡിപ്പാർട്ടുമെന്റിൽനിന്നും ആവശ്യപ്പെടുന്നതിനുള്ള പദ്ധതിയനുസരിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുന്നുണ്ട്.

ശ്രീ. പി. നാണു: റിസർവ്വ് വനത്തിൽനിന്നും പച്ചിലകൾ ശേഖരിച്ചുകൊണ്ടുവരുന്നതിനു കൃഷിക്കാർക്ക് വാഹന സൗകര്യം ചെയ്തുകൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: ഇല്ല.

ശ്രീ. പി. നാണു: വാഹനസൗകര്യം ഇല്ലാത്തതിനാൽ ഗവണ്മെന്റ് അനുവദിച്ചിട്ടുള്ള സൗജന്യംകൊണ്ട് കൃഷിക്കാർക്ക് പ്രയോജനം ഉണ്ടാകുന്നില്ലെന്നു ഗവണ്മെന്റിനു അറിയാമോ?

ശ്രീ. കെ. എം. കോര: പച്ചില ശേഖരിച്ചു കൊണ്ടുപോകുവാനുള്ള വിഷമംമൂലം അതു വേണ്ടെന്നു വയ്ക്കുന്ന കൃഷിക്കാരും ഉണ്ടാകും. എങ്ങനെയെങ്കിലും അതു കൊണ്ടുപോയി കൃഷിയ്ക്കു പ്രയോജനപ്പെടുത്തുന്ന കൃഷിക്കാരും ഉണ്ടാകും.

ശ്രീ. ഇ. പി. പൌലോസ്: റിസർവ്വ് കാട്ടിൽനിന്നു പച്ചിലകൾ ശേഖരിക്കുന്നതിനുള്ള അനുവാദം കൊടുക്കുന്നതു അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിൽനിന്നോ ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽനിന്നോ?

ശ്രീ. കെ. എം. കോര: ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ നിന്നാണ് അനുവാദം കൊടുക്കുന്നതു.

ശ്രീ. ഇ. പി. പൌലോസ്: മാർഷി ലാന്റിൽ ഇടുന്നതിനാണെങ്കിൽ കാട്ടിൽനിന്നും പച്ചില ശേഖരിക്കുന്നതിനു അനുവാദം കൊടുക്കുമോ?

ശ്രീ. കെ. എം. കോര: അതിനെ സംബന്ധിച്ചു ഇപ്പോൾ പഠിയാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൌലോസ്: മാർക്കറ്റിലെ കൃഷിയുടെ ഉപയോഗത്തിനു് കാട്ടിൽനിന്നു് പച്ചിലകൾ ശേഖരിക്കുന്നതിനു് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും അനുവാദം നിഷേധിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. എം. കോര: ഈ പറഞ്ഞതു് അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറിനേയോ ആ മന്ത്രിയേയോ അറിയിച്ചാൽ അതിനു് പരിഹാരമുണ്ടാകും.

ശ്രീ. ഇ. പി. പൌലോസ്: അങ്ങനെ എത്ര ഫർജ്ജികൾ നിഷേധിച്ചിട്ടുണ്ടെന്നു് ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽ അന്വേഷിച്ചു് അതിനു് പരിഹാരമുണ്ടാക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. എം. കോര: അന്വേഷിക്കാം.

ല�ൈസൻസു്

*൨൯൪. (൪൧) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട എക്സൈസു് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ബീഡി സംബന്ധിച്ചു് ലൈസൻസു ഫീസുവകയിൽ എത്ര രൂപാ ലൈസൻസികൾക്കു് തിരിച്ചു കൊടുക്കേണ്ടതായിട്ടുണ്ടു്;

(ബി) ഈ സംഖ്യ ലൈസൻസികൾക്കു് തിരിച്ചു കിട്ടാൻ അവകാശപ്പെട്ടിട്ടുള്ളതു് എപ്പോൾ മുതൽക്കാണു്?

പൊതുമരാമത്തു വകുപ്പു മന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ഒന്നും കൊടുക്കേണ്ടതായിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. പി. നാണു: ഈ ലൈസൻസുകൾ ഗവൺമെൻറു് കൊടുത്തിരുന്നില്ലെന്നാണോ പറഞ്ഞതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഈ ഗവൺമെൻറിൽനിന്നു കൊടുക്കുവാനായിട്ടൊന്നുമില്ല. സെൻട്രൽ ഗവൺമെൻറു് എക്സൈസു് അധികാരികൾ ബീഡി ഉണ്ടാക്കുന്നതിനു് ലൈസൻസ്ഫീസു് പിരിച്ചിരുന്നു. പിന്നിടു് സെൻട്രൽ എക്സൈസുകാർ ആ ലൈസൻസ് സിസ്റ്റം റദ്ദു ചെയ്തു. ആദ്യം ലൈസൻസു് സിസ്റ്റം അനുസരിച്ചു് ഫീസു് അടച്ചിട്ടുള്ളവരുടെ പണം സെൻട്രൽ എക്സൈസിൽനിന്നു് ഇതേവരെ കൊടുത്തിട്ടില്ല. ഈ ഗവൺമെൻറിനു് അതിൽ ചുമതല ഒന്നും ഇല്ല.

ശ്രീ. പി. നാണു: ഈ ഗവൺമെൻറിനു് ഇതിൽ ചുമതല ഒന്നും ഇല്ലന്നാണോ പറയുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഈ ഗവൺമെൻറിനു് അതിൽ ചുമതലയില്ല.

ശ്രീ. പി. നാണു: എതു് ട്രഷറിയിലാണു് ഈ പണം അടച്ചിരിക്കുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അതു് ഇവിടത്തെ ട്രെഷറിയിലാണു്.

കടിപാർപ്പിനു് സ്ഥലം

*൨൯൫. (൪൨) ശ്രീ. സി. സി. പ്രസാദു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) കടിപാർപ്പിനു സ്ഥലമില്ലാത്ത പട്ടികജാതിക്കാർക്കുവേണ്ടി തിരുവല്ലാ താലൂക്കിൽ പലിയക്കര മുറിയിൽ സർവ്വേ നമ്പർ-ൽ ൧൦ തോട്ടപ്പറ

LIBRARY ARCHIVES Kerala Legislative Assembly